KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

ഡിജിറ്റൽ മാസിക

# നാട്ടുപച്ച



നാട്ടുപച്ച
പ്രതീക്ഷയുടെ
സ്വപ്നങ്ങളുടെ
വിശുദ്ധിയാണ്



നാട്ടുപച്ച



എന്റെ വിദ്യാലയത്തിലെ
കുട്ടികൾ തയ്യാറാക്കിയ
നാട്ടുപച്ചയ്ക്ക്
ആശംസകൾ!

ഹെഡ്മിസ്ട്രസ്



**ദേശത്തിന്റെ**
**വിളക്കാണ്**
**വിദ്യാലയം -**

**മുന്നോട്ടു**
**നടക്കുന്നവർക്ക്**
**വഴിവിളക്ക്**

# സ്വാഗതം



കൊടിയമ്മ എന്ന സ്ഥലനാമം
എങ്ങനെ വന്നു?

ഗവേഷകർക്ക് കൃത്യമായ ഒരുത്തരം
ഇതുവരെ പറയാൻ കഴിഞ്ഞിട്ടില്ല .

വളരെ ദാനിയായ ഒരു തറവാട്ടമ്മ
ഉണ്ടായിരുന്നത്രെ ഇന്നാട്ടിൽ .
കൊടുക്കുന്ന അമ്മ എന്ന
അർത്ഥത്തിൽ 'കൊടുവ അമ്മ'
എന്ന് ആളുകൾ അവരെ
വിളിച്ചത്രെ!
അതു ചുരുങ്ങി കൊടിയമ്മ
എന്നായിത്തീർന്നു.
അവരുടെ കാലശേഷം ഇന്നാട്ടിനും
അതേ പേരു വന്നതാണ് !



കൊടിയമ്മ എന്ന ദേശം പുരാതന കാലം മുതൽ തന്നെ മനുഷ്യവാസം ഉള്ള മണ്ണാണ് എന്നതിന് നിരവധി തെളിവുകളുണ്ട്.

മഹാശിലായുഗ കാലത്തെ മനുഷ്യർ നിർമിച്ച ഗുഹകൾ കൊടിയമ്മയിൽ പലയിടത്തായി കാണപ്പെടുന്നു. മുനിയറകളും കല്ലറകളും കുടക്കല്ലുമുണ്ട്.

ഞങ്ങളുടെ വിദ്യാലയം സ്ഥിതിചെയ്യുന്നത് കൊടിയമ്മയിലെ ചത്രം പള്ളം എന്ന സ്ഥലത്താണ്.

ഏറെ ചരിത്രപ്രാധാന്യമുള്ള സ്ഥലമാണ് കൊടിയമ്മ.

## ഛത്രം പള്ളം

പള്ളം എന്നാൽ ചെങ്കൽപ്പാറകളിൽ കാണുന്ന സ്വാഭാവിക ജലാശയമാണ്. 'ഛത്രം' എന്ന വാക്കിൽ നിന്നാവണം 'ഛത്രം ' ഉണ്ടായത്.  ഛത്രം എന്നതിന് കുട എന്നർത്ഥം.

ഈ പ്രദേശ

അതിനാലാ



# കുടക്കല്ല്

പുരാതന കാലത്തെ മനുഷ്യർ തങ്ങളുടെ പൂർവ്വികരെ ഓർമ്മിക്കാനായി പടുത്ത ശിലാസ്മാരകമാണ് കുടക്കല്ല്.ഛത്രം പള്ളത്തെ കുടക്കല്ല് ഇന്ന് നാശാവസ്ഥയിലാണ്.



## പള്ളം കുളമായപ്പോൾ

ചത്രും പള്ളം കേന്ദ്രസർക്കാറിന്റെ  പദ്ധതിയിൽ ഉൾപ്പെടുത്തി വലിയൊരു കുളമായി നവീകരിച്ചിരിക്കുന്നു.

## കല്ലറകള്

കൊടിയമ്മ പ്രദേശത്ത് നിരവധി ചരിത്ര സ്മാരകങ്ങളുണ്ട്. അവയിൽ പലതും ഇന്ന് നാശത്തിന്റെ വക്കിലാണ്.

പ്രാചീന മനുഷ്യർ നിർമ്മിച്ചിരുന്ന കല്ലറകൾ പ്രദേശത്തുണ്ട്.

## സുരംഗ

നൂറ്റാണ്ടുകൾക്കു മുൻപേ  ഈ പ്രദേശത്തെ മനുഷ്യർ നിർമ്മിച്ച തുരങ്കങ്ങളാണ്  'സുരംഗ 'കൾ. കുടിക്കാനും കൃഷി ചെയ്യാനുമുള്ള ശുദ്ധ ജലം ഇന്ന് ലഭ്യമാക്കുന്നു.

